# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/125/2018 2018 ജൂൺ 12

## പത്രക്കുറിപ്പ്

**വിദ്യാർത്ഥി അദാലത്ത് ഇന്ന് (ജൂൺ 13)**

2017-18 അക്കാദമികവർഷത്തിൽ സർവ്വകലാശാലയിൽ നിന്നും പഠനം പൂർത്തിയാക്കിയ സി.ബി.സി.എസ്.എസ്. 2015 അഡ്മിഷൻ വിദ്യാർത്ഥികളുടെ ഒന്നു മുതൽ ആറു വരെ സെമസ്റ്റർ പരീക്ഷകളുടെ ഗ്രേസ് മാർക്ക് നൽകുന്നതുമായി ബന്ധപ്പെട്ട പരാതികളുടെ പരിഹാരത്തിനായുള്ള വിദ്യാർത്ഥി അദാലത്ത് ഇന്ന് (ജൂൺ 13) രാവിലെ 10 മണിക്ക് സർവ്വകലാശാലാ അസംബ്ലി ഹാളിൽവച്ച് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യും. പ്രോ വൈസ് ചാൻസലർ, സിൻഡിക്കേറ്റ് അംഗങ്ങൾ, ഡീൻസ് കമ്മിറ്റി അംഗങ്ങൾ, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, എന്നിവർ പരാതികളിൽ തീർപ്പുകല്പിക്കുന്നതിന് നേതൃത്വം വഹിക്കും.

അദാലത്തിൽ പരാതികൾ സമർപ്പിച്ച വിദ്യാർത്ഥികൾ രാവിലെ 10 മണിക്കുതന്നെ അസംബ്ലി ഹാളിൽ ഹാജരാകണം.

**അപേക്ഷാ തീയതി**

നാലാം സെമസ്റ്റർ എം.ബി.എ. (2016 അഡ്മിഷൻ റഗുലർ/2013 - 2015 അഡ്മിഷൻ സപ്ലിമെന്ററി/2012 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്) പരീക്ഷകൾ ജൂലൈ 10 മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂൺ 25 വരെയും 50 രൂപ പിഴയോടെ 27 വരെയും 500 രൂപ സൂപ്പർഫൈനോടെ ജൂലൈ 2 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ (പരമാവധി 200 രൂപ) വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം. റഗുലർ വിദ്യാർത്ഥികൾ പ്രാവിഷണൽ സർട്ടിഫിക്കറ്റ് ഫീസായി 125 രൂപയും അടയ്ക്കണം. മേഴ്സി ചാൻസ് പരീക്ഷ എഴുതുന്നവർ സ്പെഷ്യൽ ഫീസായി 5000 രൂപ പരീക്ഷാഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം.

**മേഴ്സി ചാൻസ് പരീക്ഷ**

ബി.എസ്.സി. നഴ്സിംഗ് ഡിഗ്രി കോഴ്സ് 8 വർഷത്തിനുള്ളിൽ വിജയകരമായി പൂർത്തീകരിക്കുവാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്കായി ഇന്ത്യൻ നേഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിച്ച ശേഷം മേഴ്സി ചാൻസ് പരീക്ഷ നടത്തുന്നു. വിദ്യാർത്ഥികൾ തങ്ങളുടെ പേര്, അഡ്മിഷൻ ലഭിച്ച വർഷം, പഠിച്ച കോളേജ്, വിജയിക്കുവാനുള്ള വിഷയങ്ങൾ, മുൻവർഷങ്ങളിലെ രജിസ്റ്റർ നമ്പറുകൾ എന്നീ വിവരങ്ങൾ അടങ്ങിയ അപേക്ഷ അസിസ്റ്റന്റ് രജിസ്ട്രാർ - 6 (പരീക്ഷ) മുൻപാകെ ജൂൺ 22ന് മുമ്പായി സമർപ്പിക്കണം.

**പരീക്ഷാഫലം**

2017 ജൂൺ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. മലയാളം (സി.എസ്.എസ്.) (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 23 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 23 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസത്തിൽ പുത്തൻവേലിക്കര പ്രസന്റേഷൻ കോളേജിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. ബയോകെമിസ്ട്രി, മൈക്രോബയോളജി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 22 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. ആനിമേഷൻ, ഗ്രാഫിക് ഡിസൈൻ, സിനിമ ആന്റ് ടെലിവിഷൻ (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധയ്ക്കും ജൂൺ 22 വരെ അപേക്ഷിക്കാം.

2016 ഡിസംബർ മാസത്തിൽ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നടത്തിയ പി.എച്ച്.ഡി. കോഴ്സ് വർക്ക് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**സിൻഡിക്കേറ്റ് യോഗം**

മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റിന്റെ യോഗം ജൂൺ 30ന് രാവിലെ 10.30ന് സർവ്വകലാശാല ഭരണവിഭാഗത്തിലെ സിൻഡിക്കേറ്റ് ഹാളിൽ വച്ച് നടത്തും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**